ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

## DAYANANDA SANDESAM



പുസ്തകം: 13 | ലക്കം: 2

## അങ്ങാടിപ്പുറം രാമസിംഹൻ

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ആഗസ്റ്റ് 2 : അങ്ങാടിപ്പുറം രാമസിംഹൻ രക്തസാക്ഷിദിനം
ആഗസ്റ്റ് 11 : ഖുദിറാം ബോസ് രക്തസാക്ഷിദിനം
ആഗസ്റ്റ് 15 : സ്വാതന്ത്ര്യദിനം, മഹർഷി അരവിന്ദ ജയന്തി
ആഗസ്റ്റ് 28 : മഹാത്മാ അയ്യങ്കാളി ജന്മദിനം

വാർഷിക വരിസംഖ്യ:125/- ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: നഭസ്യ-ഇഷ
ചാന്ദ്രമാസം: ഭാദ്രപദ-ആശ്വിനം, കൊല്ലവർഷം: 1201 ചിങ്ങം-കന്നി 2025 ആഗസ്റ്റ്

# വേദാധ്യയനം

*(മുൻലക്കത്തിന്റെ തുടർച്ച)*

**മണ്ഡലം 1** **സൂക്തം 2**

**അ**ടുത്ത മന്ത്രത്തിൽ സൂര്യലോകത്തെ ഗുണങ്ങളെക്കുറിച്ചാണ് ഉപദേശിക്കുന്നത്.

കണ്വോ മേധാതിഥിർ ഋഷിഃ । ഇന്ദ്രോ ദേവതാ ।
ഗായത്രീ ഛന്ദഃ । ഷഡ്ജഃ സ്വരഃ ॥

ഇമാ ധാനാ ഘൃതസ്സ്നുവോ ഹരീ ഇഹോപ വക്ഷതഃ ।
ഇന്ദ്രം സുഖതമേ രഥേ ॥

[ഋഗ്വേദം 1.16.2]

**പദാർത്ഥം:** ഏതൊരു പാദർത്ഥത്തിന്റെയാണൊ ഹരണം ചെയ്യുന്ന സൂര്യന്റെ കൃഷ്ണ-ശുക്ലപക്ഷങ്ങൾ, അവ (ഇഹ) ഈ ലോകത്തിൽ (ഇമാ:) ഈ (ധാനാ) ദീപ്തികളെ അതേപോലെ (ഇന്ദ്രമ്) സൂര്യലോകത്ത് (സുഖതമേ) വളരെ നല്ല പ്രകാരത്തിൽ സുഖഹേതു (രഥേ) രമിക്കാൻ യോഗ്യമായ വിമാനം തുടങ്ങിയ രഥങ്ങളെ (ഉപ) സമീപത്ത് (വക്ഷതഃ) പ്രാപിക്കുന്നു.

**ഭവാർത്ഥം** : ആരാണോ ഈ ലോകത്ത് രാത്രിയും, പകലും ശുക്ലപക്ഷവും കൃഷ്ണപക്ഷവും ദക്ഷിണായനവും ഉത്തരായണവും പോലെ ഹരണം ചെയ്യുന്നതായി പറയുന്നത്, അവർക്ക് സൂര്യലോകം ആനന്ദ-രൂപവ്യവഹാരങ്ങളാൽ പ്രാപിക്കുമാറാകുന്നു.

[മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്
തർജ്ജമ: കെ.എം. രാജൻ മീമാംസക്]

**ആര്യസമാജത്തിന്റെ രണ്ടാമത്തെ നിയമം**

"ഈശ്വരൻ സച്ചിദാനന്ദ സ്വരൂപനും, നിരാകാരനും, സർവ്വശക്തിമാനും, ന്യായകാരിയും, ദയാലുവും, ജന്മമെടുത്തിട്ടില്ലാത്തവനും അനന്തനും, നിർവ്വികാരനും, അനാദിയും, അനുപനും, സർവ്വാധാരനും, സർവ്വേശ്വരനും സർവ്വവ്യാപിയും സർവ്വാന്തര്യാമിയും, അജനും, അമരനും, ഭയമില്ലാത്തവനും, നിത്യനും, പവിത്രനും, സൃഷ്ടികർത്താവുമാകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനയ്ക്ക് യോഗ്യൻ."

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 13 ലക്കം 2

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: നഭസ്യ- ഇഷ
ചാന്ദ്രമാസം: ഭാദ്രപദ- ആശ്വിനം, കൊല്ലവർഷം: 1201 ചിങ്ങം- കന്നി 2025 ജൂലൈ



**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്, ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ, സന്തോഷ് വി.കെ, പി.പി. സരളാദേവി, സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ


**താളുകൾ മറിക്കുമ്പോൾ**


വേദാദ്ധ്യയനം ........ 2
മുഖവാണി........ 3
ഋഗ്വേദാദിഭാഷ്യഭൂമിക ........ 5
മനുസ്മൃതി........ 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ?........ 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ........ 9
ജീവിതം ഒരലയാഴി ........ 11
വൈദിക വന്ദനം എങ്ങനെ? ........ 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം........ 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ ........ 15
ഗുണപാഠ കഥകൾ........ 17
യജുർവേദം ഒരു സരള പരിചയം ........ 18
ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ ........ 19


**വിലാസം**


ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


## മുഖവാണി

### ആര്യസമാജം കേരളത്തിൽ

*(തുടർച്ച)*

### പ്രതീക്ഷകളും നമ്മുടെ ആവശ്യങ്ങളും

'**ആ**ര്യസമാജ് ഇൻ കേരള ആൻഡ് ദി നെയ്ബറിങ് ടെറിട്ടറി' എന്ന പേരിൽ ഓൾ ഇന്ത്യ ദയാനന്ദ സാൽവേഷൻ മിഷനും തിരുവനന്തപുരം ആര്യസമാജവും ചേർന്ന് തയ്യാറാക്കി 1950 ൽ പുറത്തിറക്കിയ ഒരു ലഘുലേഖയിൽ പരാമർശിച്ച വിവരണങ്ങളെ അടിസ്ഥാനമാക്കിയാണ് അക്കാലത്തെ ഏതാനും വസ്തുതകൾ ഇവിടെ നൽകിയത്. തെക്കൻ കേരളത്തിൽ ആര്യസമാജത്തിന്റെ നല്ല പ്രവർത്തനം ആദ്യകാലത്ത് നടന്നിരുന്നു. അതേപോലെ ഉത്തര കേരളത്തിൽ പാലക്കാട് മുതൽ കാസർകോഡ് വരേയും വിവിധ സാമൂഹ്യ-നവോത്ഥാന പ്രവർത്തനങ്ങൾ ആദ്യകാലത്ത് നടന്നിരുന്നു. വാഗ്ഭടാനന്ദ ഗുരുദേവനെപ്പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ ആര്യസമാജത്തിന്റെ

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

സാമൂഹ്യ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്.

കേരളത്തിൽ കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന മിക്ക നവോത്ഥാന പ്രവർത്തനങ്ങൾക്ക് പിറകിലും ആര്യസമാജത്തിന്റെ സ്വാധീനമുണ്ടായിരുന്നു എന്ന് നേരത്തെ വ്യക്തമാക്കിയതാണല്ലോ. കൽപ്പാത്തി പ്രക്ഷോഭം, ഗുരുവായൂർ ക്ഷേത്രപ്രവേശന സമരം, വൈക്കം സത്യാഗ്രഹം തുടങ്ങിയ നവോത്ഥാന സമരങ്ങളിൽ വേദബന്ധു ശർമ്മ, സ്വാമി ശ്രദ്ധാനന്ദൻ തുടങ്ങിയ ആര്യനേതാക്കളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു.

കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-അന്തരീക്ഷം ഇന്ന് വളരെ ചിന്താജനകമാണ്. സാമൂഹ്യ പരിഷ്കർത്താക്കൾ നിർമ്മാർജ്ജനം ചെയ്ത പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇന്ന് ഭക്തിയുടെയും വിശ്വാസങ്ങളുടേയുംപേരിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് പ്രഖ്യാപിച്ച ഗുരുദേവന്റെ സന്ദേശത്തെ തിരസ്കരിച്ച് ജാതിയും, മതവും, ആൾ ദൈവങ്ങളും ശക്തമായി രംഗപ്രവേശം ചെയ്യുന്നു. തിരഞ്ഞെടുപ്പുകളിലും മറ്റും ഈ സ്വാധീനം ഏറെ പ്രകടമാണ്. ഈ അനാചാരങ്ങൾക്കെതിരെ പ്രതികരിക്കാൻ പ്രബുദ്ധരായ കേരളത്തിലെ ബുദ്ധിജീവികൾക്കും രാഷ്ട്രീയ-സാമൂഹ്യ നേതാക്കൾക്കും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ആര്യസമാജത്തെ പോലുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. മഹർഷി ദയാനന്ദസരസ്വതിയുടെ ആശയങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട് മഹർഷി ദയാനന്ദസരസ്വതിയുടെ ഇരുന്നൂറാം ജന്മവാർഷികവും ആര്യസമാജം സ്ഥാപിക്കപ്പെട്ടതിന്റെ നൂറ്റമ്പതാം വാർഷികവും ആഘോഷിക്കുന്ന ഈ വേളയിൽ കേരളം അഭിമുഖീകരിക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം തേടി വേദപാതകയുമായി നമുക്ക് സമൂഹത്തിലേക്കിറങ്ങി ചെല്ലേണ്ടതുണ്ട്.

**(തുടരും)**

- പത്രാധിപർ


# ദയാനന്ദ സന്ദേശം മാസിക

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക....................... പ്രചരിപ്പിക്കുക.............. വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 4264000100072426, Punjab National Bank Cherpalcheri**


**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

**ത**ദിദമയുന്യഥാസ്തി । കുതഃ?
ഹിരണ്യഗർഭശബ്ദസ്യാർത്ഥജ്ഞാനാഭാവാത് ।
അത്രപ്രമാണാനി-'ജ്യോതിർവൈഹിരണ്യം
ജ്യോതിരേഷോഽമൃതം ഹിരണ്യമ്' ॥ ശ. കാ. 6 ।അ.7 ॥ (ശതപഥം 6.7.1.2)

'കേശീ കേശാ രശ്മയസ്തൈസ്തദ്വാന് ഭവതി ।
കാശനാദ്വാ പ്രകാശനാദ്വാ ।
കേശിദം ജ്യോതിരുച്യതേ' ॥ നിരുക്തം അ.12.ഖ.25
(നിരുക്തം 12.25,26 'കേശിദം ജ്യോതിരുച്യതേ' എന്ന മന്ത്രഭാഗമാണ്)
'യശോ വൈ ഹിരണ്യമ് ॥' ഐ. പ. 7 । അ. 3 (ഐതരേയ ബ്രാഹ്മണം 7.3.6)

'ജ്യോതിരേവായം പുരുഷ ഇത്യാത്മജ്യോതിഃ ॥ ശ. കാ. 14 । അ. 7
(ശതപഥം 14.7.1.6)

ജ്യോതിരിന്ദ്രാഗ്നി ॥' ശ. ക. 10 । അ. 4 (ശതപഥം 10.4 1.6)

ഏഷാമർത്ഥഃ (ഹിരണ്യം) ജ്യോതിർവിജ്ഞാനം ഗർഭഃ സ്വരൂപം യസ്യ സ ഹിരണ്യഗർഭഃ । ഏവം ച ജ്യോതിർഹിരണ്യം പ്രകാശോ ജ്യോതിരമൃതം മോക്ഷോ ജ്യോതിരാദിത്യാദയഃ കേശാഃ പ്രകാശകാ ലോകാശ്ച, യശഃ സത്‌കീർത്തിർധന്യവാദശ്ച, ജ്യോതിരാത്മാ
ജീവശ്ച, ജ്യോതിരിന്ദ്രഃ സൂര്യോഽഗ്നിശ്ചൈതത് സർവം ഹിരണ്യാഖ്യം ഗർഭേ സാമർത്ഥ്യേ യസ്യ സ ഹിരണ്യഗർഭഃ പരമേശ്വരഃ ।

അതോ ഹിരണ്യഗർഭശബ്ദപ്രയോഗാദ് വേദാനാമുത്തമത്വം സനാത് (ന) ത്വം തു നിശ്ചീയതേ ന നവീനത്വം ച । അസ്മാത് കാരണാദ് യത്തൈരുക്തമ് ഹിരണ്യഗർഭശബ്ദപ്രയോഗാന്മന്ത്രഭാഗസ്യ നവീനത്വം തു ദ്യോതിതം ഭവതി, കിന്ത്വസ്യ പ്രാചീനവത്ത്വേ (ഏതദ്വിഷയേഽഗ്ര ഉക്താനി ഗ്രന്ഥകർതൃം 'ഋഗ്ഭാഷ്യേ' അഗ്നി: പൂർവ്വേഭിർ ഋഷിഭി:
(1.1.2) ഇതി മന്ത്രവ്യാഖ്യാനേ ചോദ്ധൃതാനി പ്രമാണാനി ദ്രഷ്ടവ്യാനി।)

**(തുടരും)**

**വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)**
**വിപ്രൻ സത്യവ്രതനും അമരനുമാകുന്നു**



(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

| | |
|---|---|
| **അധ്യായം: 1** | **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)** |

## അധ്യായം 2: മനുസ്മൃതിയും പ്രക്ഷിപ്തവും

**(ഖ)** താഴെപ്പറയുന്ന ശ്ലോകങ്ങൾ മേധാതിഥി തുടങ്ങിയ മൂന്ന് പ്രാചീന ഭാഷ്യകാരന്മാരുടെ ഭാഷ്യങ്ങളിൽ കാണുന്നില്ല. എന്നാൽ അർവാചീനമായ മറ്റ് പ്രതികളിൽ അവ കാണാനുമുണ്ട്. ഇതിൽനിന്ന് വ്യക്തമാവുന്നത് അവ ഭാഷ്യരചനക്ക് ശേഷം പിന്നീട് ആരോ എഴുതിച്ചേർത്തതാവാം എന്നാണ്.

സായം പ്രാതർദ്വിജാതീനാമശനം സ്മൃതിനോദിതമ് ।
നാന്തരേ ഭോജനം കുര്യാദഗ്നിഹോത്രസമോ വിധിഃ ॥
(മനുസ്മൃതി 2.52നു ശേഷം, ഈ പതിപ്പിൽ 2.27നു ശേഷം)

അർത്ഥം: സ്മൃതിയിൽ ദ്വിജന്മാർക്ക് അഗ്നിഹോത്രം പോലെ പ്രഭാതത്തിലും വൈകുന്നേരവും മാത്രം ആഹാരം കഴിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനിടക്ക് ഒരാഹാരവും കഴിക്കരുത്.

(ഗ) മനുസ്മൃതിയുടെ 30-34 ഓളം കൈയ്യെഴുത്തുപ്രതികൾ വ്യത്യസ്ത പുസ്തകാലയങ്ങളിൽ നിന്ന് ഞാൻ കണ്ടെത്തി. അതിൽ വളരെയധികം ശ്ലോകങ്ങൾ കുറച്ചുപ്രതികളിൽ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളു. ഓരോ ശ്ലോകങ്ങൾ മാത്രം കണ്ടെത്തിയ പതിപ്പുകളുമുണ്ട്. ഉദാഹരണത്തിന് താഴെക്കൊടുക്കുന്ന ശ്ലോകം പ്രയാഗയിലെ ഗ്രന്ഥശാലയിൽ കണ്ട ഒരു പതിപ്പിൽ മാത്രം കണ്ടതാണ്.

പരോക്ഷം സത്കൃപാപൂർവ പ്രത്യക്ഷം ന കഥഞ്ചന ।
ദുഷ്ടാനുചാരാ ച ഗുരോരിഹ വാളമുത്ര ചൈത്യധഃ ॥
(മനുസ്മൃതിയിൽ 1.200നു ശേഷം, ഈ പതിപ്പിൽ 2.174നു ശേഷം)

അർത്ഥം: ശിഷ്യൻ പീഠത്തിനുപിന്നിൽ ഗുരുവിന്റെ നാമം സത്കാരപൂർവം പ്രദർശിപ്പിക്കുക. മുന്നിൽ ഒരു പ്രകാരത്തിലും വരാൻ പാടില്ല. ഗുരുവി

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

നോട് ദുഷ്ടാചരണം ചെയ്യുന്ന ശിഷ്യൻ രണ്ടുലോകത്തിലും (ഇഹത്തിലും പരത്തിലും) അധോഗതിയെ പ്രാപിക്കും.

(ഘ) ഇത്തരത്തിലുള്ള ചില അന്യശ്ലോകങ്ങളുമുണ്ട്.

യേവ്യതിതാഃ സ്വധര്മേഭ്യഃ പരപിണ്ഡോപജീവിനഃ ।
ദ്വിജത്വമധികാംക്ഷന്തി താംശ്ച ശുദ്രാനിവാചരേത് ॥ (8.102ന് ശേഷം)

അർത്ഥം : ആരാണോ സ്വന്തം ധർമ്മ-കർമ്മങ്ങൾ ഉപേക്ഷിച്ച് മറ്റുള്ളവരുടെ സഹായംതേടി ജീവിക്കുന്നതും അതേപോലെ സ്വയം ബ്രാഹ്മണനെന്ന് വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നതും അയാളോട് ശൂദ്രനോടെന്നപോലെ പെരുമാറണം.

തദസ്ത്രം സര്വവർണാനാമനിവാര്യം ച ശക്തിതഃ ।
തപോവീര്യപ്രഭാവേണ അവധ്യാനപി ബാധതേ ॥
(ശ്ലോകം 11.33 ന് ശേഷം)

അർത്ഥം: ബ്രാഹ്മണന്റെ വാണിയാകുന്ന അസ്ത്രത്തെ മറ്റൊരു വർണത്തിലുള്ളവർക്കും സ്വന്തം സാമാർഥ്യം കൊണ്ട് തടുക്കാൻ കഴിയില്ല. മാത്രമല്ല, തപഃശക്തിയാൽ സമ്പന്നമായ ആ അസ്ത്രം കൊല്ലരുതാത്ത ശത്രുവിനെപ്പോലും വധിക്കാൻ ശക്തിയുള്ളതാണ്.

(5) ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത് മറ്റുപുസ്തകങ്ങളിൽ നിന്ന് എടുത്ത ഭാഗങ്ങൾ പോലും മനുസ്മൃതിയിൽ കൂട്ടിച്ചേർത്തിട്ടുണ്ടെന്നാണ്. മഹാഭാരതത്തിലെ ഈ നാല് ശ്ലോകങ്ങൾ (അശ്വമേധപർവം 380-ാം പേജ് പൂനാപ്രസിദ്ധീകരണം) മനുസ്മൃതിയിലെ കേവലം നാലുപതിപ്പുകളിൽ മാത്രം അപ്രാസംഗികരൂപത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നു.

പുരാണം മാനവോ ധര്മഃ സാംഗോപാംഗചികിത്സകഃ ।
ആജ്ഞാസിദ്ധാനി ചത്വാരി ന ഹന്തവ്യാനി ഹേതുഭിഃ ॥
(12.110 ന് ശേഷം)

അർത്ഥം: പുരാണം = ബ്രാഹ്മണാദി ഐതിഹാസികഗ്രന്ഥം, മനുപ്രോക്തധർമം, പൂർണവിദ്വാനും, ചികിത്സകനും ധർമാത്മാവുമായ പണ്ഡിതന്റെ ആജ്ഞയാൽ സിദ്ധമാകുന്ന വാക്കുകൾ-ഇവ നാലും തർക്കം കൊണ്ടു ജയിക്കാൻ ശ്രമിക്കരുത്. മനുസ്മൃതിയിൽ പ്രക്ഷിപ്തങ്ങൾ ഉണ്ടെന്നുള്ളതിന് ഇതിനേക്കാൾ വലിയ തെളിവ് മറ്റെന്താണ് വേണ്ടത്? ഇതുവരെയും ഇവ മനുസ്മൃതിയുടെ ശ്ലോകരൂപത്തിൽ സർവസമ്മതമായി ചേർക്കാനായിട്ടില്ല. അത് ബ്രായ്ക്കറ്റിലാണ് കൊടുത്തിരിക്കുന്നത്.

**(തുടരും)**

**സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

**പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ**
**തർജ്ജമ : കെ. എം. രാജൻ മീമാംസക്**

## അധ്യായം 7
## അഘമർഷണം (1)


**വാ**സ്തവത്തിൽ ഈ സൂക്തവുമായി ബന്ധപ്പെട്ട ഋഷി 'അഘമർഷണ' നായതിനാൽ ആ സൂക്തത്തിന് ആ പേരുമായി ബന്ധം വന്നു. ഋഷിയുടെ ഈ നാമം വ്യക്തിവാചകമാണ്. ജാതിവാചകമല്ല. ഋഷിയുടെ പൂർവ്വികർ അദ്ദേഹത്തിന് അഘമർഷണൻ എന്ന് പേരിട്ടത് 'പാപങ്ങളിൽ നിന്ന് രക്ഷനേടട്ടെ' എന്ന് ആഗ്രഹിച്ചാവാം. ഋഷിയുടെ പേര് അഘമർഷണൻ എന്നായതിനാൽ ഈ മന്ത്രത്തിനും അഘമർഷണമന്ത്രമെന്ന പേര് ലഭിച്ചു. എന്നാൽ വാസ്തവത്തിൽ ഈ മന്ത്രങ്ങൾ പാപനാശകമാണെന്ന ഒരു സവിശേഷതയുമില്ല. പൊതുവെ പറഞ്ഞാൽ സന്ധ്യാവന്ദനത്തിലെ എല്ലാ മന്ത്രങ്ങളും പാപനിവാരകങ്ങളാണ്. ഗായത്രീ മന്ത്രം ഏറ്റവും മികച്ചതാണ്. എന്നാൽ ഗായത്രീ മന്ത്രത്തിന് അഘമർഷണ മന്ത്രമെന്ന് പറയാതെ 'ഋതം ച സത്യം ച...' എന്ന മന്ത്രത്തെ അഘമർഷണ മന്ത്രമെന്ന് പറയുന്നത് എന്തുകൊണ്ടാണ് എന്ന് മനസ്സിലാവുന്നില്ല.

ഇത് ഒരു ആശയക്കുഴപ്പമാണ്. അത് നിവാവരണം ചെയ്യേണ്ടത് ആവശ്യമാണ്. ഈ മന്ത്രങ്ങളുടെ സവിശേഷത അതിൽ പാപങ്ങളെ പ്രത്യേക രീതിയിൽ ഇല്ലാതാക്കുമെന്നോ പാപങ്ങളെ നിവാരണം ചെയ്യാൻ ഏതെങ്കിലും വസ്തുതകൾ പറയുന്നുണ്ടോ എന്നല്ല. വിശേഷതയൊന്നുമില്ലെങ്കിൽ പേര് വയ്ക്കുന്നതിന് ഒരു കാരണവുമില്ല. സാമാന്യ രീതിയിൽ പറഞ്ഞാൽ സമസ്ത വേദങ്ങളേയും 'അഘർഷണ'മെന്നുപറയാവുന്നതാണ്.

വാസ്തവത്തിൽ ഈ മൂന്ന് മന്ത്രങ്ങളിലും പറഞ്ഞിരിക്കുന്നത് നിങ്ങളുടെ ശരീരത്തിൽ കാണുന്ന പരമാത്മാവിന്റെ പ്രകാശം ഉദാരദൃഷ്ടിയോടെ മുഴുവൻ പ്രപഞ്ചത്തിലും കാണാൻ ശ്രമിക്കുക എന്നതാണ്. അതിനാലാണ് ഈ മന്ത്രങ്ങളും സന്ധ്യാവന്ദനത്തിൽ ചിട്ടപ്പെടുത്തിവെച്ചിരിക്കുന്നത്. കാരണമെന്തെന്നാൽ നമ്മുടെ ശ്രദ്ധ 'ബ്രഹ്മാണ്ഡ'ത്തിന്റെ മാധ്യമത്തിലൂടെ പരമാത്മാവിൽ എത്തുന്നു.

**(തുടരും)**

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഭാരത ചരിത്ര ഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച...)

### ലോദികളുടെ കല്ലറകൾ

ദൽഹിയിലെ ലോദികളുടെ കല്ലറകളേക്കുറിച്ചുള്ള പുരാവസ്തുവകുപ്പിന്റെ നിഗമനത്തിൽ പല പാളിച്ചകളും വന്നിട്ടുണ്ട്. എണ്ണമറ്റ ശവക്കല്ലറകൾക്ക് സാമാന്തരമായി ലോദികളുടേതെന്നവകാശപ്പെടാവുന്ന ഒരു വീടുപോലും കണ്ടെത്താൻ കഴിയാത്തത് നമ്മുടെ ചരിത്രകാരന്മാരെ അശേഷം അത് അത്ഭുതപ്പെടുത്തിയതായി കേൾക്കാത്തത് വിചിത്രമാണ്. ചരിത്രകാരന്മാരും പുരാവസ്തുവകുപ്പും ഒന്നുകൂടി ശ്രദ്ധിച്ചു പരിശോധിക്കുകയാണെങ്കിൽ ഈ കല്ലറകളെല്ലാം പഴയ രജപുത്രന്മാരാൽ നിർമ്മിക്കപ്പെട്ടതാണെന്ന് കാണാൻ കഴിയും.

### രോഷൻ ആറാ ടോംബ്

ദൽഹിയിലെ രോഷൻ ആറാ ടോംബിന്റെ കാര്യമെടുക്കാം. ഒറ്റനോട്ടത്തിൽ തന്നെ ഔറംഗസീബാൽ പിടിച്ചെടുക്കപ്പെട്ട് സ്വന്തം സഹോദരിയെ അടക്കാൻ ഉപയോഗിച്ചു എന്ന് പറയുന്ന ഈ കെട്ടിടം ഒരു രജപുത്രമന്ദിരമായിരുന്നുവെന്നുവ്യക്തമാവും. ഔറംഗസീബിന്റെ സ്വഭാവവിശേഷം ഇവിടെ സ്മരിക്കേണ്ടതുണ്ട്. പിശുക്കനും കഠിന ഹൃദയനും പിതാവിനേ പോലും തടവിലിട്ട് വധിക്കുകയും സ്വന്തം സഹോദരൻമാരെ ചതിയിൽ കൊലപ്പെടുത്തുകയും ചെയ്ത, ഹിന്ദുക്കളോട് അതിക്രൂരമായി പെരുമാറിയ ഈ മുഗൾ ചക്രവർത്തി തന്റെ സഹോദരിയേ അടക്കം ചെയ്യുവാൻ തനി ഹൈന്ദവ ശൈലിയിൽ ഒരു കെട്ടിടം പണിയുമെന്ന് വിശ്വസിക്കാമോ?

### വിനോദ സഞ്ചാരികൾ വിഡ്ഢികളാക്കപ്പെടുന്നു.

ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും സ്മാരകങ്ങളും കാണാൻ വരുന്ന വിനോദ സഞ്ചാരികൾ തങ്ങൾ സന്ദർശിക്കുന്ന സ്ഥലവും കെട്ടിടങ്ങളുമൊന്നും സമയ ദൗർല്ലഭ്യവും മറ്റും മൂലം സൂക്ഷ്മ പരിശോധനക്കിടായാക്കാറില്ല. അവരെ തെറ്റിദ്ധരിപ്പിക്കാൻ ധാരാളം വഴികാട്ടികളും സത്യ വിരു

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.**

ദ്ധമായ പുരാവസ്തു കുറിപ്പുകളും യഥേഷ്ടം എങ്ങുമുണ്ടുതാനും. രാഷ്ട്രീയ സമ്മർദ്ദങ്ങൾ ചരിത്രകാരന്മാരെ ഒരു പ്രത്യേക നിഗമനത്തിലെത്താൻ നിർബ ന്ധിക്കാറുമുണ്ട്. ഉദാഹരണത്തിന് ലണ്ടനിലേയും പാരീസിലേയും ചരിത്ര കാരന്മാരെ സെന്റ് പോൾസിന്റേയും നോട്രെ ഡേമ് (Notre Dame) ന്റേയും മുൻ ക്രൈസ്തവ ചരിത്രം വെളിപ്പെടുത്താൻ അനുവദിക്കുന്നില്ല.

സ്പെയ്നിലെ 'അൽ ഹമ്പ്റാ (Al Hambra Cardova Mosque)' കാർ ഡോവ' എന്നീ പള്ളികളെ മുസ്ലിം മൂറുകളുടെതാണെന്ന് വരുത്തി തീർക്കുന്നു (Muslim Moors).

പിടിച്ചെടുക്കപ്പെട്ട ക്ഷേത്രങ്ങളായ, ഇസ്ലാമിന് മുമ്പ് നിർമ്മിക്കപ്പെട്ട ജറൂസലേമിലെ പാറപ്പുറത്തുള്ള ഗോപുരവും (Dome on the Rock) അൽ അക്സാ (Al Aqsa) യും മുസ്ലിം പള്ളികളായാണ് ഇപ്പോൾ അറിയപ്പെടുന്നത്.

റഷ്യയിലെ ഷാഹി-ഇ-സിൻഡ് തുടങ്ങിയ കൊട്ടാരങ്ങൾ മുസ്ലിം ഭരണാധികളുടെ വസ്തുക്കളായി തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തി ലുള്ള തെറ്റായ ധാരണകളും വാദങ്ങളും ലോകചരിത്രം തിരുത്തി എഴു തണം എന്നാശയത്തെ ദൃഢീകരിക്കുന്നു.

ചരിത്രവസ്തുക്കൾ സന്ദർശിക്കുവാൻ പോകുന്ന വിനോദസഞ്ചാരി കൾ തങ്ങൾ കാണുന്ന സ്ഥലങ്ങളും മന്ദിരങ്ങളും വളരെ സാവകാശത്തിലും ശ്രദ്ധയോടും കൂടി പരിശോധിച്ച് വസ്തുക്കൾ മനസ്സിലാക്കണം എന്നാണെ നിക്കുപറയാനുള്ളത്. പ്രധാനപ്പെട്ട മിക്ക ചരിത്രസ്മാരകങ്ങളും വളരെ വിശാലവും പൂട്ടിട്ട് പൂട്ടിയതും മറ്റുമാകയാൽ സന്ദർശകന് അവ ശരിക്കു കണ്ടുപഠിക്കുവാൻ സാധിക്കുന്നില്ല.

ലോകത്തെങ്ങുമുള്ള വിനോദസഞ്ചാരികൾ ഒരു ഫണ്ട് ശേഖരിക്കു കയും സന്ദർശനം നിരോധിച്ച കെട്ടിടങ്ങളുടെ മോചനത്തിനുവേണ്ടി ശബ് ദമുയർത്തുകയും വേണ്ടതാവശ്യമാണ്. താജ്മഹൽ ഒരു ഏഴുനില കെട്ടിട മാണ്. പല നിലകളുള്ള ഗോപുരങ്ങൾ ഇതിനുചുറ്റുമുണ്ട്. ഡൽഹിയിലെ വി ഷ്ണു (കുത്തബ്) ഗോപുരം അഞ്ചുനിലകളുള്ളതാണ്. ഇതിനുള്ളിലേക്ക് ആർക്കും പ്രവേശനമില്ല. ഇത്തരം സ്മാരകങ്ങൾ നിർമ്മിച്ചവരോട് ചെയ്യുന്ന ഒരു മഹത്തായ അപരാധമാണ് ഈ സന്ദർശന നിരോധം.

ലോകത്തെങ്ങുമുള്ള ചരിത്ര പ്രസിദ്ധമായ നഗരങ്ങൾ നൂറുകണക്കിനും ആയിരക്കണക്കിനും വർഷങ്ങൾക്ക് മുമ്പുള്ളതാണെങ്കിലും ഇവയെല്ലാം ഇസ്ലാമിന്റേയും ക്രിസ്തുമത ആരംഭകാലത്തേയും മറ്റുമായാണ് അറിയ പ്പെടുന്നത്.

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

*(മുൻലക്കത്തിന്റെ തുടർച്ച)*

## അദ്ധ്യായം: 10

**പാ**ച്ചനെ ആദരപൂർവ്വം അതിന്മേലിരുത്തി. ജ്ഞാനചന്ദ് കുടുംബാംഗങ്ങളോടുചേർന്നും സ്വന്തം മിത്രവും, അതിഥിദേവനുമായ പാച്ചനെ സൽക്കരിക്കുന്നതിലേർപ്പെട്ടു. ആദ്യം ചൂരൽ ടീപോയ് കൊണ്ടുവന്നുവച്ച് അതിന്മേലൊരു തോൽ ചെത്തി കഷ്ണമാക്കിയ ആപ്പിളും പഴവും മറ്റും കൊണ്ടുവന്നു വെച്ചു. ജ്ഞാനചന്ദിന്റെ മാതാപിതാക്കൾ വീശറിയുമായി രണ്ടുവശത്തുമിരുന്ന് വീശിക്കൊണ്ട് സസ്നേഹം വാത്സല്യഭാവത്തോടെ പാച്ചനെ സംബന്ധിച്ച വിവരങ്ങളാരായാനാരംഭിച്ചു. പാച്ചൻ തന്റെ നാടുവിടലിന്റെ കാരണവും, ഉദ്ദേശ്യവും ഇവിടെ വന്ന് ജ്ഞാനചന്ദുമായി ബന്ധപ്പെടുവാൻ കാരണമായ അന്തരീക്ഷവും മറ്റും സവിസ്തരം വിവരിച്ചു. അവരുടെ ആതിഥ്യമര്യാദ കണ്ടിട്ട്, പാച്ചനദ്ഭുതപ്പെട്ടു. അയാൾ തന്റെ ജീവിതത്തിൽ ഒന്നുരണ്ടുതവണയേ ഇതിനോടുതാരതമ്യപ്പെടുത്താവുന്ന ആതിഥ്യം കണ്ടിട്ടുള്ളു. നെടുമ്പള്ളി അഫന്റെ അവിടുന്നും, രണ്ട് പുറനാട്ടുകര വാരിയത്തുചെന്ന വേളയിലും.

ആർഭാടരഹിതവും, വളരെ ലളിതവും, എന്നാൽ നല്ല ശുചിത്വവുമുള്ള ഗൃഹം. വട്ട ശ്രീകോവിലുപോലെയാണ് വീടിന്റെ ആകൃതി. മേൽക്കൂര കൂർത്തുരുണ്ടും അടിഭാഗം വിസ്തീർണ്ണമേറിയ വൃത്താകൃതിയാർന്നതുമാണ്. കാരണം, മഞ്ഞുകാലത്ത്, ആലിപ്പഴം പോലെ, കട്ട കട്ടകളായി വർഷിക്കുന്ന മഞ്ഞുകട്ടകൾ ഉരുണ്ടുനിലംപതിക്കുന്നതിന് വേണ്ടിയാണിങ്ങനെ ഉണ്ടാക്കിയിരിക്കുന്നത്. നിലത്തിനടിയിൽ പുറത്തുനിന്നും വായു കടക്കുന്ന തുളകളുള്ള ഗുഹയ്ക്കൊത്ത നിലവറയാണ്. അതിനുമുകളിൽ പൊളിച്ച മുളം പാത്തികൾ വിരിച്ച് തട്ടിട്ടിരിക്കുന്നു. ആ തട്ടിന്റെ മുകളിൽ ചുണ്ണാമ്പുകൂട്ടിയ കളിമൺ കുഴച്ചു പാകപ്പെടുത്തി പരത്തുന്നു. എന്നിട്ട് കളർ ചേർത്തുരച്ച് സിമന്റിട്ട പോലാകും നിലം. മുറിയിൽ നല്ല കട്ടിയും, ബലവുമുള്ള മുളംപട്ടികകൾ കൊണ്ട് വേർതിരിച്ചവയാണ്. വാതിലുകൾ മുള ചതച്ചുപരത്തിയാണുണ്ടാക്കുന്നത്. മുള പുറത്തു കാണാതിരിക്കാൻ ആ മുളം ചുമരുകളുടേയും വാതിലുകളുടേയും മേലെ മൈദ ചേർത്തുകൊഴുപ്പിച്ച ചാണകപ്പശ തേച്ച് മിസുസപ്പെടുത്തുന്നു.

**(തുടരും)**

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.**

# വൈദിക വന്ദനം എങ്ങനെ?

മന്ത്രവ്യാഖ്യാനം: ഡോക്ടർ രാമനാഥ് വേദാലംകാർ
വിശദീകരണം: സ്വാമി വിവേകാനന്ദജി പരിവ്രാജക്
സമ്പാദകൻ: ശ്രീകുമാർ. എൻ

**ഋ**ഗ്വേദത്തിലെ ഒന്നാം മണ്ഡലം ഇരുപത്തിയേഴാം സൂക്തത്തിലെ പതിമൂന്നാം മന്ത്രം നമസ്കാരം ചെയ്യുന്നതിനെ കുറിച്ചുള്ളതാണ്. ഗുണകർമ്മ സ്വഭാവങ്ങളിൽ നമുക്ക് സമൻമാരോ ഉയർന്നവരോ താഴ്ന്നവരോ ആരുമാകട്ടെ, സർവ്വരെയും നമസ്കരിക്കണമെന്ന് പ്രസ്തുത വേദമന്ത്രം ആഹ്വാനം ചെയ്യുന്നു.

**മന്ത്രം:** ഋഷിഃ ആജീഗർതിഃ ശുനഃ ശേപഃ || ദേവത വിശ്വേ ദേവാഃ ||
ഛന്ദഃ തൃഷ്ടുപ് || സ്വരഃ ധൈവത ||

നമോ മഹത്ഭ്യോ നമോ അർഭകേഭ്യോ
നമോ യുവഭ്യോ നമ ആശിനേഭ്യഃ |
യജാമ ദേവാൻ യദി ശാക് നവാമ
മാ ജ്യായസഃ ശംസമാ വൃക്ഷി ദേവാഃ ||
(ഋഗ്വേദം 1.27.13)

(മഹദ്ഭ്യഃ നമഃ) മഹത് = വലുത്, മഹദ്ഭ്യഃ = മഹത്തുക്കൾക്കായ് കൊണ്ട് (= പൂർണ്ണ വിദ്യായുക്തരായ ജ്ഞാനികൾക്ക്, മഹാന്മാർക്ക്, ഗുരു, ആചാര്യൻ, ഋഷികൾ, ആദിയായ മഹത്വ്യക്തികൾക്ക്) നമസ്കാരം.

(അർഭകേഭ്യഃ നമഃ) അർഭകഃ = ബാലൻ, കുട്ടി (ബാലന്മാർക്ക്, ചെറിയവർക്ക്) നമസ്കാരം.

(യുവഭ്യഃ നമഃ) = യുവാവസ്ഥയിൽ ഉള്ളവർക്ക് നമസ്കാരം.

(ആശിനേഭ്യഃ നമഃ) = സമസ്ത വിദ്യകളിലും വ്യാപൃതരായി ഇരിക്കുന്ന വൃദ്ധരായ ജ്ഞാനികൾക്ക് നമസ്കാരം.

(യദി ശാക് നവാമ) = എത്ര സാമർത്ഥ്യം ഉണ്ടോ അത്രയും സാമർത്ഥ്യത്തോടെ

(ദേവാൻ യജാമ) = ജ്ഞാനികളായവരെ ഞങ്ങൾ സേവനം ചെയ്യും.

(ദേവാ:) ഹേ ജ്ഞാനികളെ! (ജ്യായസഃ) വിദ്യാദി ഗുണങ്ങളാൽ അതി പ്രശംസനീയമായ ഉന്നത സ്ഥാനീയരോടുള്ള (ശംസമ്) സ്തുതി, പ്രശംസ എന്നിവകൾ (മാ ആവൃക്ഷി) = ഒരിക്കലും ഇല്ലാതാക്കില്ല.

**ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.**

**ഭാഷ്യം:**

മനുഷ്യൻ സാമൂഹികജീവി ആകുന്നു. സമൂഹത്തിൽ ജീവിക്കുമ്പോൾ അഭിവാദനാദികൾ ആയ ഉചിത ആചാരമര്യാദകൾ ഓരോരുത്തരും പാലിക്കേണ്ടതുണ്ട്. ചെറുപ്പ-വലുപ്പ ഭേദമില്ലാതെ സർവ്വരേയും അഭിവാദനം ചെയ്യേണ്ടതുണ്ട്. അഭിവാദനം കേവലം കൃത്രിമമോ മറ്റുള്ളവരെ കാണിക്കാൻ ഉള്ളതോ അല്ല, മറിച്ച് ആന്തരികമനസ്സിനാൽ ആണ് നാം നമസ്കാരം ചെയ്യുന്നത്. നമഃ ശബ്ദത്തിന്റെ മൂലഅർത്ഥം കുമ്പിടുക, കുനിയുക എന്നൊക്കെയാണ്. ഇത് ശിരസ്സുകൊണ്ട് മാത്രമല്ല മനസ്സുകൊണ്ട് കൂടിയാണ്. രാജാവ്, രാജ്യാധികാരി, മാതാ, പിതാ, ഗുരു, അതിഥി, സാധു, സന്യാസി, ശിശു, ബാലൻ, വിദ്യാർത്ഥി, യുവാവ്, വൃദ്ധൻ, സ്വാമി, സേവകൻ ഇവർ പരസ്പരം കണ്ടുമുട്ടുമ്പോൾ അവർക്കുള്ളിൽ ഏതുതരത്തിലുള്ള ശ്രദ്ധ, പ്രേമം, ആശിർവാദം തുടങ്ങിയ ഭാവങ്ങൾ ഉൽപ്പന്നം ആകുന്നുവോ അവയെല്ലാം നമഃ ശബ്ദത്തിൽ അടങ്ങിയിരിക്കുന്നു. ഇക്കാരണത്താൽ അഭിവാദനം ചെയ്യാൻ വൈദിക 'നമസ്തേ' ശബ്ദം അത്യന്തം ഹൃദയഗ്രാഹിയും ഉപയുക്തവുമാണ്. ഇളയവർ മൂത്തവരോട് നമസ്തേ പറയുമ്പോൾ മുതിർന്നവരോട് അവരുടെ ഹൃദയത്തിലുള്ള ബഹുമാനവും ശ്രദ്ധയും പ്രകടമാക്കുന്നു. പ്രത്യഭിവാദനം ആയി മുതിർന്നവർ തിരിച്ചുനമസ്തേ പറയുമ്പോൾ അവരുടെ ഉള്ളിൽ ഉള്ള സ്നേഹവും ആശീർവാദവും നിറഞ്ഞൊഴുകുന്നു. തുല്യനിലയിൽ ഉള്ള രണ്ടുപേർ പരസ്പരം നമസ്തേ പറയുമ്പോൾ പരസ്പരമുള്ള സൗഹാർദ്ദവും മറ്റൊരാളിന്റെ ഉന്നതിക്കായി ഉള്ള ആഗ്രഹവും പ്രകടമാക്കുന്നു. നമഃ ശബ്ദത്തിൽ കേവലം ശുഭാശംസകൾ മാത്രമല്ല, എല്ലാവരോടുമുള്ള തന്റെ കർത്തവ്യപാലനം നിർവഹിക്കാനുള്ള ഭാവവും പ്രകടമാക്കുന്നു.

'ഹേ രാഷ്ട്രത്തിലെ മഹദ്വ്യക്തികളേ! ഉപദേശങ്ങളിലൂടെ സമൂഹത്തെ തൃപ്തരാക്കുന്ന സന്യാസികളേ! ഹേ വാനപ്രസ്ഥ ആചാര്യന്മാരെ! ദേശത്തിനുവേണ്ടി പ്രാണത്യാഗം ചെയ്യാൻ ഉത്സുകരായ മഹാവീരൻമാരെ! ജനതയുടെ സേവനങ്ങൾക്കായ് തൽപ്പരരായ മഹാ പുരുഷന്മാരെ! നിങ്ങൾക്ക് നമസ്കാരം! ഹേ സർവ്വരേയും ആനന്ദിപ്പിക്കുന്ന കുഞ്ഞുങ്ങളെ! അല്പ വയസ്സായ ബാലകരെ! ബ്രഹ്മചാരികളെ! നിങ്ങൾക്ക് നമസ്കാരം! തങ്ങളുടെ സങ്കല്പ ബലത്താൽ ആകാശത്തെയും ഭൂമിയെയും അധീനതയിൽ ആക്കുന്ന ബലശാലിയും സാഹസിയും ഓജസ്വിയും വിജയികളും ആയ യുവാക്കളെ നിങ്ങൾക്ക് നമസ്കാരം! ഹേ പരിപക്വരും ധീരരും അനുഭവ സമ്പന്നരും ധന്യരും വന്ദനീയരുമായ വയോവൃദ്ധ ജനങ്ങളെ നിങ്ങൾക്ക് നമസ്കാരം!

**(തുടരും)**

**ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)**
**ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.**



# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

*(മുൻലക്കത്തിന്റെ തുടർച്ച)*

**ഇ**പ്രകാരമുള്ള വിദ്യയുടെ ശത്രുക്കളെ അവിദ്യവന്നുവളയാതെ എങ്ങനെ ഇരിക്കും?

ഇവർ കഞ്ചാവ് മുതലായവ കുടിച്ചുമദോന്മത്തരായിരിക്കുകയും, അന്യനുമായി വഴക്കടിക്കുകയും, ഉണ്ണുകയും, ഉറങ്ങുകയും, മണിയടിക്കുകയും, ശംഖ് വിളിക്കുകയും, അഗ്നി ജ്വലിപ്പിക്കുകയും, നാലുപാടും വെറുതെ ചുറ്റിനടക്കുകയുമല്ലാതെ വേറെ യാതൊരു നല്ല പ്രവൃത്തിയും ചെയ്യാറില്ല. ആർക്കെങ്കിലും കല്ല് ഉരുക്കുവാൻ സാധിച്ചാൽ തന്നെ ഈ ഭസ്മലേപികളെ ബോധമുള്ളവരാക്കുക വളരെ വിഷമമായ സംഗതിയാണ്. എന്തെന്നാൽ സാധാരണയായ ശൂദ്രവർണ്ണത്തിൽപെട്ട കൂലിക്കാരും കൃഷിക്കാരും അന്യപ്രവൃത്തി ചെയ്യുന്നവരുമാണ് തങ്ങളുടെ പ്രവൃത്തി ഉപേക്ഷിച്ച് വൈരാഗികളായി ഭസ്മലേപികളായിത്തീരുന്നത്. അവർക്ക് വിദ്യയുടേയോ സൽസംഗത്തിന്റേയോ മാഹാത്മ്യം തന്നെ അറിയാൻ സാധിക്കുന്നതല്ല. ഇവരിൽത്തന്നെയുള്ള ഒരു ഭാഗക്കാരായ നാഥന്മാരുടെ മന്ത്രം 'നമഃശിവായ' ഭസ്മലേപികളുടെ 'നൃസിംഹായനമഃ' രാമവതന്മാരുടെ 'ശ്രീരാമചന്ദ്രായനമ' അഥവാ 'സീതാരാമാഭ്യാംനമഃ' കൃഷ്ണോപാസകന്മാരുടെ 'ശ്രീരാധാ കൃഷ്ണാഭ്യാം നമഃ' നമോഭഗവതേ ദേവായ എന്നും ബംഗാളികളുടെ 'ഗോവിന്ദായ നമഃ' എന്നും ആകുന്നു. ഈ മന്ത്രങ്ങൾ ചെവിയിൽ ജപിച്ചുകൊടുത്തു കഴിഞ്ഞാൽ അവർ ശിഷ്യന്മാരായി. കൂടാതെ ഇപ്രകാരമുള്ള ഉപദേശം നൽകുന്നു. കുട്ടി! തും ബാ (കമണ്ഡലം) മന്ത്രം ചൊല്ലുക. അതിപ്രകാരമാണ്.

ജല് പവിതര സഥല പവിതര ഔര്പവിതര്കുവാ
ശിവ കഹേ സുന്പാർവ്വതീതും ബാപവിതരഹൂവാ

ഇങ്ങിനെയുള്ളവർ വിദ്വാന്മാരോ, സംന്യാസികളോ, ലോകത്തിനുപകാരം ചെയ്യുന്നവരോ ആയിത്തീരുമോ? ഭസ്മലേപികൾ രാത്രിയും പകലും മുഴുവൻ വിറകുകത്തിച്ചുകൊണ്ടേ ഇരിക്കുന്നു. ഒരു മാസത്തിൽ അനേകം ഉറുപ്പികയുടെ വിറക് ഇവർ കത്തിച്ചുകളയുന്നു. ഒരു മാസം വിറകിനു ചെലവാക്കുന്ന പണംകൊണ്ട് തണുപ്പിനെതടുക്കുന്നതിനുള്ള കമ്പിളിയോ മറ്റോ വാങ്ങുന്നപക്ഷം എത്ര പണം ശേഷിക്കുമായിരുന്നു.

**(തുടരും)**

**ധർമ്മം ചര (തൈ. 2. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

*(മുൻലക്കത്തിന്റെ തുടർച്ച)*

### 5. വിശ്വാമിത്രന്റെ പ്രാർത്ഥനാചികിത്സ

**വി**ശ്വാമിത്രൻ സർവ്വമിത്രൻ ആകുന്നു. ഇദ്ദേഹം എല്ലാവരെയും മിത്രങ്ങളായി കാണുന്നു. ഒരാളോടും ദ്വേഷഭാവം ഇല്ല. ഇക്കാര്യം ഈ മന്ത്രത്തിലൂടെ പ്രകടമാകുന്നു. 'ഇവിടെ ഈ രോഗികളുടെ സുരക്ഷ എല്ലാ ദേവതകളും ചെയ്യട്ടെ! എല്ലാ മരുത് ഗണങ്ങളും സുരക്ഷ ചെയ്യട്ടെ, എല്ലാ പഞ്ചഭൂതങ്ങളും അഥവാ പ്രാണികളും ഇയാളുടെ സുരക്ഷ ചെയ്യട്ടെ. ഇതിനാൽ ഇയാൾ നിരോഗനായി തീരട്ടെ ! (മന്ത്രം 5)

ശുഭ ഭാവനയോടെ ദേവതകളെ പ്രാർത്ഥിക്കുമ്പോൾ മനസ്സിൽ ഉണ്ടാവുന്ന ശുഭവിചാരതരംഗങ്ങൾ, ശുദ്ധ വിചാര ലഹരി, രോഗിയുടെ രോഗം അകറ്റാൻ പര്യാപ്തം ആണെന്നാണ് ഈ മന്ത്രത്തിലൂടെ പറയുന്നത്. ഇതിന് പ്രാർത്ഥനാ ചികിത്സ എന്നുവിളിക്കാം. വേദത്തിലെ ഈ മന്ത്രം ഇതിനെക്കുറിച്ചാണ്. ചില പനികൾ, ഗോയിറ്റർ ഇതേപോലെ മറ്റു ചില ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ വേദങ്ങളിൽ പല സൂക്തങ്ങൾ ഉണ്ട്. ആര് മന്ത്രത്തിന്റെ ശക്തിയിൽ വിശ്വാസം വെക്കുന്നുവോ അവർ അതിനെ പ്രയോജനപ്പെടുത്തണം. എന്നാൽ ശ്രദ്ധയില്ലാത്തവർക്ക് ഇതുകൊണ്ട് പ്രയോജനം ഉണ്ടാകില്ല. അവരുടെ വിശ്വാസക്കുറവ് മൂലം ഇത് ഉപയോഗിക്കുന്നതിൽ അവർ വിജയം കാണില്ല. ശ്രദ്ധയും ഭക്തിയും ഉള്ളവർക്ക് മാത്രമേ ഇതുകൊണ്ട് പ്രയോജനമുണ്ടാകൂ. രോഗികൾക്ക് കേൾക്കാൻ വേണ്ടി ഉച്ചത്തിൽ ആയിരിക്കണം സൂക്തം ചൊല്ലേണ്ടത്. രോഗികൾക്കും ചൊല്ലുന്നയാൾക്കും ഒരേ പോലെ ശ്രദ്ധയുണ്ടാവണം. വേദങ്ങളിൽ ആരോഗ്യം നൽകുന്ന നിരവധി സൂക്തങ്ങളുണ്ട്. ഇവയെ യഥായോഗ്യം ഉപയോഗിക്കുന്നതിലൂടെ രോഗിക്ക് പ്രയോജനം ഉണ്ടാകുന്നു.

### 6. ജമദഗ്നി ഋഷിയുടെ ജലചികിത്സ

ജമദഗ്നി ഋഷി ജല ചികിത്സയിൽ പ്രവീണൻ ആയിരുന്നു. അദ്ദേഹം പറയുന്നു. 'ജലം നിസ്സംശയമായും ഔഷധ ഗുണങ്ങളാൽ യുക്തമാണ്. ജലം രോഗത്തെ ഇല്ലാതാക്കുന്നു. ജലം എല്ലാ രോഗങ്ങളെയും ഇല്ലാതാക്കുന്ന ദേവതകളാൽ നിറഞ്ഞിരിക്കുന്നു. ഈ ജലത്തെ നീ ഔഷധം ഉള്ളത് ആക്കിയാലും. (മന്ത്രം 6)

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

ജലം സർവ്വ ഔഷധങ്ങളുടെയും ദേവതയാകുന്നു. ഇത് കൂടാതെ ജല ചികിത്സാ വിഷയത്തിൽ വേദത്തിൽ വളരെയേറെ പറഞ്ഞിട്ടുണ്ട്. ഇതിന്റെ വിവരണം 'ജലസൂക്ത'ത്തിൽ കാണാം. നിത്യജീവിതത്തിൽ നാം ജലത്തെ ശുദ്ധിയാക്കാൻ ഉപയോഗിക്കുന്നു. വായ, ഗുദം ഇവ വൃത്തിയാക്കാൻ, കുളിക്കാൻ, ആവിപിടിക്കാൻ, ഔഷധങ്ങൾ, കഷായങ്ങൾ തയ്യാറാക്കാൻ ഇങ്ങനെ പലതിനും ജലം ഉപയോഗിക്കുന്നു. ശരിയായ ജല ചികിത്സാരീതിയിലൂടെ പല രോഗത്തെയും മാറ്റാം കഴിയും.

**7. വസിഷ്ഠ ഋഷിയുടെ സ്പർശ ചികിത്സ**

വസിഷ്ഠ ഋഷി ഏഴാം മന്ത്രത്തിൽ പറയുന്നു: 'ഞാൻ നിങ്ങളോട് ആരോഗ്യത്തെ ഉണ്ടാക്കുന്ന വാക്കുകൾ പറയുന്നു. നിരോഗിതത്വം ഉണ്ടാക്കുന്ന പത്ത് വിരലുകളാലും എന്റെ കൈകളാലും ഞാൻ നിങ്ങളെ സ്പർശിക്കുന്നു. ഇത് നിങ്ങൾക്ക് നിസ്സംശയമായും ആരോഗ്യം പ്രദാനം ചെയ്യും. എന്റെ വാക്കുകളിൽ വലിയ സാമർത്ഥ്യം അടങ്ങിയിരിക്കുന്നു. കൂടാതെ ഹസ്ത സ്പർശത്തിന് വലിയ പ്രഭാവം ഉണ്ട്. ഈ എന്റെ ശബ്ദം കേട്ടും ഹസ്ത സ്പർശത്താലും എല്ലാ രോഗങ്ങളും ഇല്ലാതാവും. (മന്ത്രം 7)

ഹസ്ത സ്പർശത്താൽ രോഗവിമുക്തി ഉണ്ടാക്കുന്ന വിധിയാണിത്. ഇക്കാലത്ത് ഇംഗ്ലീഷിൽ ഇതിനെ മെസ്മറിസം എന്നുവിളിക്കുന്നു. മെസ്മർ എന്ന് പേരായ ഒരു യൂറോപ്യൻ, ധൈര്യം നിൽകുന്ന വാക്കുകളിലൂടെയും ഹസ്ത സ്പർശനത്തിലൂടെയും രോഗങ്ങൾ മാറ്റാമെന്ന് അനുഭവത്തിലൂടെ കാണിച്ചു. അദ്ദേഹത്തിന്റെ പേരിൽ മെസ്മറിസം എന്ന പേരുണ്ടായി. യൂറോപ്പിൽ ഇതിന് വളരെ പ്രചാരമുണ്ടായിരുന്നു. എന്നാൽ ഭാരതത്തിൽ അതി പ്രാചീനകാലത്ത് വസിഷ്ഠ ഋഷി ഇതിന്റെ പ്രചാരകൻ ആയിരുന്നു. ഈ ഋഷിയും വാണി, ഹസ്ത സ്പർശം ഇവയിലൂടെ രോഗം ഇല്ലാതാക്കാനുള്ള സിദ്ധി നേടിയിരുന്നു. ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഭാരതത്തിൽ ഈ വിദ്യ നിലനിന്നിരുന്നു. ഇത് ഇന്ന് വീണ്ടും ഉപയോഗിക്കാൻ യോഗ്യമാണ്.

സപ്ത ഋഷികൾ ഏഴ് വിദ്യകൾ പ്രചരിപ്പിച്ചു എന്ന് കാണാം. ഇവരുടെ ആശ്രമങ്ങളിൽ ഈ വിദ്യയിലൂടെ രോഗചികിത്സ നടത്തിയിരുന്നു. (1) പാപത്തിൽ നിന്ന് വിട്ടുനിൽക്കുക (2) പ്രാണസാധന അഥവാ പ്രാണായാമം ചെയ്യുക (3) ഹവന ചികിത്സ ചെയ്യുക (4) പ്രഭാവം ഉണ്ടാകുന്ന വിചാരങ്ങൾ ഉണ്ടാക്കി ചികിത്സ ചെയ്യുക (5) പ്രാർത്ഥനാ ചികിത്സ (6) ജലചികിത്സ (7) സ്പർശത്താൽ രോഗവിമുക്തി ഇങ്ങനെ ഏഴ് പ്രകാരത്തിലുള്ള ചികിത്സകൾ. ഇതാണ് പ്രകൃതി ചികിത്സ അഥവാ നിസർഗ ചികിത്സ. ഇക്കാലത്തെ പ്രകൃതിചികിത്സകർ ഈ വിഷയം ചിന്തിക്കേണ്ടത് ആകുന്നു. ഔഷധങ്ങളുടെ പിന്നാലെ പോയി പണം വ്യർത്ഥമാക്കുന്നതിന് പകരം പ്രകൃതി ചികിത്സയിലൂടെ ആരോഗ്യം വർദ്ധിപ്പിച്ച് അധിക സുഖി ആയിരിക്കാൻ പ്രയത്നിക്കണം.

**(തുടരും)**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## യഥാർത്ഥ പൂജ

**മ**ഹാരാഷ്ട്രയിൽ ഒരു ശ്രേഷ്ഠനായ സംന്യാസിയുണ്ടായിരുന്നു. സന്ത് ഏകനാഥ്. ഒരിക്കൽ അദ്ദേഹം തീർത്ഥാടനത്തിനായി പ്രയാഗ് രാജിലെത്തി. ത്രിവേണീസംഗമത്തിൽ നിന്നും തന്റെ പക്കലുണ്ടായിരുന്ന വലിയ കുടത്തിൽ ഗംഗാജലം നിറച്ചു. അദ്ദേഹം വിചാരിച്ചു, 'ഈ പവിത്ര ജലം രാമേശ്വരത്ത് അഭിഷേകം ചെയ്യണം' കൂടെയുണ്ടായിരുന്ന സംന്യാസി വൃന്ദത്തോടൊപ്പം അദ്ദേഹം യാത്രയായി. നടന്ന് രാമേശ്വരത്തിനുസമീപ മെത്തി. ലക്ഷ്യം അടുത്തെത്തിയിരിക്കുന്നു. മുഖ്യകവാടത്തിനുസമീപം പാതയോരത്ത് ഒരു കഴുകൻ അവശനിലയിൽ കിടക്കുന്നത് അദ്ദേഹം കണ്ടു. ആ കഴുകന് എത്രയും പെട്ടെന്നുതന്നെ ദാഹജലം ലഭിച്ചില്ലെങ്കിൽ അതിന്റെ ജീവൻ നഷ്ടപ്പെടുമെന്ന് അദ്ദേഹത്തിനുതോന്നി. അദ്ദേഹത്തിന്റെ മനസ്സ് ആർദ്രമായി. താൻ അഭിഷേകത്തിനായി കരുതിയിരുന്ന ജലം കൊണ്ട് അദ്ദേഹം ആ കഴുകന്റെ ദാഹം തീർത്തു. ആരോഗ്യം വീണ്ടെടുത്ത കഴുകൻ പറന്നുപോയി.

ഇതെല്ലാം കണ്ട് കൂടെയുണ്ടായിരുന്ന മറ്റു സംന്യാസിമാർക്ക് ഏകനാഥന്റെ പ്രവൃത്തി തീരെ ഇഷ്ടപ്പെട്ടില്ല. അവർ അദ്ദേഹത്തോട് പറഞ്ഞു. 'അല്ലയോ എകനാഥ് ജീ, താങ്കൾ ഒരു വലിയ സംന്യാസിയാണെന്നതെല്ലാം ശരിയാണ്, പക്ഷേ ഇപ്പോഴും അജ്ഞത പൂർണ്ണമായും വിട്ടുമാറിയിട്ടില്ല. കാരണം താങ്കൾ വളരെ കഷ്ടപ്പെട്ട് പ്രയാഗ് രാജിൽ നിന്നും കൊണ്ടുവന്ന പവിത്ര ജലം ദുഷ്ടനായ ആ കഴുകന് നൽകിയിരിക്കുന്നു. അഭിഷേകത്തിലൂടെ താങ്കൾക്കുലഭിക്കാവുന്ന പുണ്യത്തെ നശിപ്പിച്ചിരിക്കുന്നു.' സന്ത് ഏകനാഥ ജി നമ്രതയോടെ അവരോട് പറഞ്ഞു. 'ദയാലുവായ ഈശ്വരൻ സർവ്വ ജീവജാലങ്ങളിലും അന്തർയാമിയായിരിക്കുന്നു. ഈ മുഴുവൻ ജഗത്തും ഈശ്വരന്റെ അസ്സൽ സ്വരൂപമാണ്. ഞാൻ പീഢിതനായ ഒരു പക്ഷിക്ക് ദാഹജലം നൽകി അതിന്റെ പ്രാണൻ രക്ഷിച്ചു. എന്റെ ഇന്നത്തെ ഈശ്വരപൂജ സാർത്ഥകമായിരിക്കുന്നു.'

■

**ഈശാവാസ്യമിദം സർവ്വമ് । (യജുർവേദം 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

# യജുർവേദം ഒരു സരള പരിചയം

ഡോ. ഭവാനിലാൽ ഭാരതീയ
തർജ്ജമ : കെ. എം. രാജൻ  മീമാംസക്

*(മുൻലക്കത്തിന്റെ തുടർച്ച)*

## പ്രസ്താവന (തുടർച്ച)

**എ**ല്ലാ ഉപജീവന മാർഗ്ഗങ്ങളും അർത്ഥത്തിലൂടെ ലഭിക്കും. അർത്ഥ സമ്പാദനം ഒരു ലക്ഷ്യമല്ല. തീർച്ചയായും സമ്പാദിക്കുന്നതിലൂടെ നാം ലൗകിക ആഗ്രഹങ്ങൾ നിറവേറ്റുന്നു. അതിനാൽ ധർമ്മപൂർവ്വം സമ്പാദിക്കുന്ന സമ്പത്തിലൂടെയാണ് നാം ലൗകികവും പ്രാപഞ്ചികവുമായ ആഗ്രഹങ്ങൾ നിറവേറ്റുന്നത് എന്ന് ശ്രദ്ധിക്കണം. സമ്പാദനത്തിന് ധർമ്മത്തിന്റെ നിയന്ത്രണം അത്യാവശ്യമാണ്.

എന്നാൽ ധനസമ്പാദനവും ആഗ്രഹങ്ങളുടെ പൂർത്തീകരണവും മനുഷ്യ ജീവിതത്തിന്റെ അവസാനവും പരമവുമായ ലക്ഷ്യമാണോ? അങ്ങനെ കരുതുകയാണെങ്കിൽ ഒരു മൃഗത്തിനും മനുഷ്യനും തമ്മിൽ വ്യത്യാസമൊന്നുമില്ല. മൃഗം അതിന്റെ ആവശ്യങ്ങൾ സാധ്യമായ ഏത് വിധത്തിലും തൃപ്തിപ്പെടുത്തുന്നതിനുള്ള  മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. പക്ഷേ അതിന് ശരിയും തെറ്റും സംബന്ധിച്ച അറിവില്ല. ജനന-മരണ ചക്രത്തിൽ നിന്ന് മോചനം നേടുകയും സച്ചിദാനന്ദ ലക്ഷണമുള്ള പരമാത്മാവിന്റെ സാന്നിധ്യം ആർജ്ജിക്കുക എന്നതുമാണ് മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം. ഇതിനെയാണ് മോക്ഷപ്രാപ്തിയെന്നുപറയുന്നത്. ശാസ്ത്രകാരൻമാർ പറയുന്നതനുസരിച്ച് ആധ്യാത്മികവും, ആധി ഭൗതികവും ആദ്ധ്യാത്മികവുമായ മൂന്നുതരത്തിലുള്ള ദു:ഖങ്ങളിൽ നിന്ന് പൂർണ്ണ മുക്തി നേടി പരമാത്മാവിന്റെ അദ്വിതീയമായ ആനന്ദരൂപസുഖത്തെ അനുഭവിക്കലാണ് യഥാർത്ഥ മുക്തി അഥവാ മോക്ഷം എന്നാണ്.

**സാധന ത്രയം**

മേൽവിവരിച്ച ചതുർവിധ പുരുഷാർത്ഥ പ്രാപ്തിക്ക് നമ്മുടെ ശാസ്ത്രകാരന്മാർ ജ്ഞാന,  കർമ്മ, ഉപാസനാരൂപിയായ മൂന്ന് പ്രകാരത്തിലുള്ള മാർഗ്ഗങ്ങളെ പരാമർശിച്ചിട്ടുണ്ട്.  ജ്ഞാനത്തിന്റെ മഹത്വം ഭാരതീയ ദർശനത്തിൽ സർവ്വത്ര വർണ്ണിച്ചിട്ടുണ്ട്. ഭഗവാൻ കൃഷ്ണൻ ഗീതയിൽ പറയുന്നു.

നഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ । 7
ജ്ഞാനത്തിനുതുല്യമായ ഒരു വസ്തുവുമില്ല.

**ദർശനകാരൻമരുടെ അഭിപ്രായം-**

ഋതേ ജ്ഞാനാന്ന മുക്തിഃ ।
ജ്ഞാനമില്ലാതെ മുക്തിയെ പ്രാപിക്കാനാവില്ല

(തുടരും)

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ







## വേദഗുരുകുലത്തിൽ ശ്രാവണി ഉപാകർമ്മവും വൈദികസ്വാധ്യായവും നടന്നു

**ജൂ**ലൈ 10 ന് വ്യാഴാഴ്ച കാലത്ത് 9 മണിക്ക് വേദഗുരുകുലത്തിൽ ശ്രാവണി ഉപാകർമ്മം ചടങ്ങ് നടന്നു. ഉപാകർമ്മത്തിന്റെ ഭാഗമായുള്ള പുണൂൽ മാറ്റുന്ന ചടങ്ങിന് പുറമെ ചതുർവേദ സ്വാധ്യായം, സത്യാർത്ഥപ്രകാശം മൂന്നാം സമുല്ലാസത്തിലെ വിഷയങ്ങളുടെ (അധ്യയന-അധ്യാപന വിധി, ഗുരുകുല വർണ്ണന, ഉപനയനം, പഠന-പാഠന കാര്യം, സ്ത്രീകളുടെ വേദാധ്യയനം) സ്വാധ്യായ ക്ലാസും നടന്നു. വേദഗുരുകുലത്തിലെ പൂർവ്വവിദ്യാർത്ഥികൾ, വേദഗുരുകുലത്തിൽ നിന്ന് ഉപനയനം നടത്തിയവർ, രക്ഷിതാക്കൾ, നിത്യേന അഗ്നിഹോത്രം അനുഷ്ഠിക്കുന്നവർ തുടങ്ങി നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു. ആര്യപ്രചാരകനും വേദഗുരുകുലം അധിഷ്ഠാതാവുമായ ശ്രീ. കെ. എം. രാജൻ മീമാംസക്, വേദഗുരുകുലം ആചാര്യൻ ആചാര്യ അഖിലേഷ് ആര്യ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. വേദഗുരുകുലം കോശാധ്യക്ഷൻ ശ്രീ. പി. ശിവശങ്കരൻ, ശ്രീ. സന്തോഷ് വി. കെ തുടങ്ങി നിരവധി വ്യക്തികളും ചടങ്ങിൽ പങ്കെടുത്തിരുന്നു. ■

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-08-2025
RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25




Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504.
Owner and Editor responsible for selecting articles: KM Rajan

**Email: dayanandasandesam@gmail.com** **Phone: 9446575923, 9497525923**